ഭൂമിഏറ്റെടുക്കുന്ന പ്രവൃത്തികൾ 80 ശതമാനം പൂർത്തിയായി. ഇതിനുവേണ്ടി ഇതുവരെ 1550 ലക്ഷം രൂപ കോഴിക്കോട് ജില്ലാകളക്ടർക്ക് കൈമാറിയിട്ടുണ്ട്.പുതിയതായി ആഗോള ടെണ്ടർ വിളിച്ച് കൺസൾട്ടന്റിനെ തെരെഞ്ഞെടുക്കുന്നതായിരിക്കും ഉചിതമെന്ന സർക്കാർ തീരുമാനത്തിന് ഒ.ഇ.സി.എഫ്.ന്റെ അംഗീകാരം ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക കാര്യവകുപ്പിന് കത്തയച്ചിട്ടുണ്ട്. അവരുടെ അന്തിമ മറുപടി ലഭിച്ചിട്ടില്ല.

(9) വിശ്വകർമ്മജർക്ക് പ്രത്യേക ക്ഷേമനിധി ഏർപ്പെടുത്തണമെന്ന ആവശ്യം

ശ്രീ. മോൻസ് ജോസഫ് : സർ, കേരളത്തിലെ 43 ലക്ഷം വരുന്ന വിശ്വകർമ്മജരുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് അഖില കേരള വിശ്വകർമ്മ മഹാസഭയുടെ നേതൃത്വവും അതോടൊപ്പം കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ വിശ്വകർമ്മ പ്രവർത്തക സമിതിയും ചേർന്ന് തയ്യാറാക്കിയ നിവേദനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും തൊഴിൽവകുപ്പുമന്ത്രിക്കും സമർപ്പിക്കുകയുണ്ടായി. നിവേദനത്തിലൂടെ മുഖ്യമായും ആവശ്യപ്പെടുന്നത് രണ്ടു കാര്യങ്ങളാണ്. വിശ്വകർമ്മജർക്ക് പ്രത്യേകമായി ആർട്ടിസാൻസ് ക്ഷേമനിധി രൂപീകരിക്കണമെന്നും വിശ്വകർമ്മജരെ പരമ്പരാഗത തൊഴിലാളികളായി അംഗീകരിക്കണമെന്നുള്ള ആവശ്യങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്. ഭാരതത്തിലെ അടിസ്ഥാന പരമ്പരാഗത തൊഴിൽ വിഭാഗം വിശ്വകർമ്മജ സമൂഹമാണ്. ജസ്റ്റിസ് നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിനുമേൽ തീരുമാനം കൈക്കൊള്ളുവേ പരമ്പരാഗത കൈത്തൊഴിലുകളായ ബ്ലാക്ക്സ്മിത്ത്, ഗോൾഡ് സ്മിത്ത്, കാർപെന്റർ, മേസൺ, കോപ്പർസ്മിത്ത് എന്നിവരുടെ സമുദായത്തിൽ മേൽത്തട്ടില്ലെന്ന് സർക്കാർ ഉത്തരവുണ്ടായ സാഹചര്യത്തിൽ ഈ തൊഴിൽ വിഭാഗങ്ങൾ പ്രതിനിധീകരിക്കുന്ന വിശ്വകർമ്മ സമുദായം പരമ്പരാഗത കൈത്തൊഴിൽ വിഭാഗമായി പ്രഖ്യാപിക്കുക എന്നുള്ളത് തികച്ചും ന്യായമായ ആവശ്യമാണ്. അതുപോലെതന്നെ അത്യന്താപേക്ഷിതമാണ് ആർട്ടിസാൻസ് ക്ഷേമനിധി രൂപീകരിക്കണമെന്നുള്ള ആവശ്യവും. 60 വയസ്സു കഴിഞ്ഞ കർഷകത്തൊഴിലാളികൾക്കും ബാർബർ തൊഴിലാളികൾക്കും ചെത്തു തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളികൾക്കും വാർദ്ധക്യകാല പെൻഷനുൾപ്പെടെയുള്ള ക്ഷേമപദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കിയതു പോലെ അസംഘടിത പരമ്പരാഗത തൊഴിലാളികൾക്കു വേണ്ടിയും പ്രത്യേകമായി ക്ഷേമപദ്ധതി രൂപീകരിക്കണമെന്നാണ് ആവശ്യം ഉന്നയിച്ചിട്ടുള്ളത്. നിലവിലുള്ള നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ സ്വർണ്ണപ്പണിക്കാർ, ചെമ്പുപണിക്കാർ എന്നിവർക്ക് പരിരക്ഷ നൽകിയിട്ടില്ല. നിലവിലുള്ള ക്ഷേമനിധിയിൽ നിന്നും പരമ്പരാഗത തൊഴിലാളികൾക്കർഹമായ ആനുകൂല്യങ്ങൾ ലഭിക്കാത്ത സാഹചര്യം പരിഗണിച്ചുകൊണ്ട് വിശ്വകർമ്മജർ ഉൾപ്പെടെയുള്ള പരമ്പരാഗത കൈത്തൊഴിൽകാരുടെ പ്രശ്നപരിഹാരത്തിനുവേണ്ടി പ്രത്യേകമായി ആർട്ടിസാൻസ് ക്ഷേമനിധി രൂപീകരിക്കണമെന്നുള്ള ആവശ്യവും ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, സ്വർണ്ണ തൊഴിലാളികൾ, മൺപാത്ര തൊഴിലാളികൾ, ഫോട്ടോഗ്രാഫർമാർ എന്നിവരുൾപ്പെടെ സ്വയംതൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നവർക്കും മറ്റ് ചെറിയ ജോലികളിൽ നിയോഗിക്കപ്പെട്ടിരിക്കുന്നവർക്കുമായി ഇപ്പോൾ നിലവിലുള്ള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതി പരിഷ്ക്കരിച്ച് ക്ഷേമനിധി ആക്കുന്നതിനായി ലേബർ കമ്മീഷണർ ലഭ്യമാക്കിയ കരട് ബിൽ ഗവൺമെന്റ് പരിശോധിക്കുകയുണ്ടായി. എന്നാൽ സർക്കാരിന് ഭീമമായ സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്ന ഒരു പ്രൊപ്പോസലാണിതെന്നും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതുവരെ അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്ന ഈ നിർദ്ദേശം മാറ്റിവയ്ക്കണമെന്നുമുള്ള ധനകാര്യവകുപ്പിന്റെ അഭിപ്രായം സർക്കാർ അംഗീകരിച്ചിരിക്കുകയാണ്. ബിൽ ഉപേക്ഷിച്ചിട്ടില്ല. സാമ്പത്തികമായി സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ആ ബില്ലിന്മേൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. സബ്മിഷനിൽ ഉന്നയിച്ചിട്ടുള്ള കാർപെന്റർ, മേയ്സൺ എന്നീ വിഭാഗങ്ങൾ കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധിയുടെ പരിധിയിൽ വരുന്നതാണ്. എന്നാൽ മറ്റ് വിഭാഗക്കാർക്ക് ഇപ്പോൾ നിലവിലുള്ള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗങ്ങൾ ആകാവുന്നതുമാണ്.

(10) എസ്.സി. കോ-ഓർഡിനേറ്റർ എസ്.ടി. സോഷ്യൽ ആക്റ്റിവിസ്റ്റ് എന്നിവരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച്

ശ്രീ. പി. കെ. കുമാരൻ : സർ, കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ അഭ്യസ്ഥവിദ്യരായിട്ടുള്ള ഏതാണ്ട് രണ്ടായിരത്തോളം യുവതീയുവാക്കളെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് സാമൂഹിക പ്രചോദകരായി നിയമിച്ച് പ്രവർത്തനം നടത്തിവരികയാണ്. പട്ടികജാതി സങ്കേതങ്ങളിലും പട്ടികവർഗ്ഗ ഊരുകളിലും ഇവരുടെ സേവനം വളരെ പ്രയോജനകരമാണ്. കേരളത്തിന്റെ സാമൂഹിക ചരിത്രത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹിക മാറ്റത്തിനും വളർച്ചയ്ക്കും വളരെയെറേ സഹായകരമായ ഈ നടപടി സ്വീകരിച്ച ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്. ഇവർക്ക് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന ആനുകൂല്യമെന്ന് പറയുന്നത്, പട്ടികജാതിക്കാരായ യുവതീയുവാക്കൾക്ക് 2000 രൂപയും പട്ടികവർഗ്ഗക്കാരായിട്ടുള്ളവർക്ക് 1000 രൂപയുമാണ് ഓണറേറിയമായി മാസാമാസം കൊടുക്കുന്നത്. ഇവരെ ഇപ്പോൾ ഒരു വർഷക്കാലത്തേയ്ക്ക് മാത്രമാണ് നിയമിച്ചിരിക്കുന്നത്. സാമൂഹികമാറ്റത്തിന് വളരെയേറെ സഹായകരമായി പ്രവർത്തിക്കുന്ന ഈ യുവതീയുവാക്കളുടെ സേവനം ദീർഘിപ്പിച്ചുകൊടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഒരു വർഷത്തേയ്ക്ക് മാത്രമായി നിയമിച്ചിരിക്കുന്ന ഈ കാലയളവ് ദീർഘിപ്പിക്കുകയും അവർ നടത്തുന്ന സേവനത്തിന് ന്യായമായ പ്രതിഫലം

LIBRARY ARCHIVES Kerala Legislative Assembly